പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.502** **24.01.2018-ൽ മറുപടിക്ക്**

## ജി.എസ്.റ്റി സമ്പ്രദായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | വാറ്റ് സമ്പ്രദായം നിലനിന്നിരുന്ന കാലത്തെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.റ്റി സമ്പ്രദായത്തിലെ നികുതി വരുമാനത്തിൽ ചോർച്ചയുണ്ടാകുന്നതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | വാറ്റ് സമ്പ്രദായം നിലനിന്നിരുന്ന കാലത്തെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് ജി.എസ്.റ്റി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി വർദ്ധനവ് ഉണ്ടായിട്ടില്ല. ജി.എസ്.റ്റി സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്ത തിനാൽ നിയമത്തിൽ അനുശാസിച്ചതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.റ്റി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇത് പ്രകാരം 2015-16-ലെ നികുതി പിരിവിന്റെ 14% വർദ്ധനവ് കണക്കാക്കി 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ നിന്നും ജി.എസ്.റ്റി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. ദ്വൈമാസ കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട |

2/

| | | | |
|---|---|---|---|
| | | | ഗഡുക്കളായി ജൂലൈ, ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | വിവിധയിനം ചരക്കുകൾക്കും സേവനങ്ങൾക്കും ജി.എസ്.റ്റി യിൽ നികുതി നിരക്കിൽ വർദ്ധനയുണ്ടായിട്ടും , നികുതിവരുമാനത്തിൽ കുറവുണ്ടാകുന്നത് തടയുവാൻ കാര്യക്ഷമമായ ഒരു സംവിധാനം രൂപപ്പെടുത്തുവാൻ കൈക്കൊണ്ട നടപടി വിശദീകരിക്കുമോ? | (ബി) | ജി.എസ്.റ്റി നിരക്ക് പുനർ നിർണ്ണയിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് 75 ശതമാനത്തോളം നികുതി കിട്ടി കൊണ്ടിരുന്ന 14.5% നിരക്കിലുള്ള അനേകം സാധനങ്ങളുടെ നികുതി നിരക്ക് 18% ആക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി 9% ആയി കുറയുകയുണ്ടായി. അതിനാൽ ജി.എസ്.റ്റി നടപ്പിലാക്കിയതുമൂലം നികുതി നിരക്ക് കുറയുകയാണ് ഉണ്ടായത്. ജി.എസ്.റ്റി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല. ആയതിനാൽ ജി.എസ്.റ്റി നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തതിന് ശേഷമേ സൂക്ഷ്മ പരിശോധന നടത്തി നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**